പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 988 — 07/02/2013-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരങ്ങൾ

ചോദ്യം — മറുപടി

ശ്രീ.ഐ.സി.ബാലകൃഷ്ണൻ :
ശ്രീ. വി.പി.സജീന്ദ്രൻ
ശ്രീ.കെ.അച്ചുതൻ
ശ്രീ.എ.റ്റി.ജോർജ്

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 11/04/2008-ാം തീയതിയിലെ ജി.ഒ.(എം.എസ്) നം.112/08/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത സംരംഭമായിട്ടാണ് സർവ്വേ പ്രവർത്തനങ്ങൾ നടപ്പാക്കിയിരുന്നത്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ സർവ്വേയുടെ നോഡൽ ഏജൻസി ആയിരുന്നു. |
| (ബി) | വിവരങ്ങൾ ശേഖരിച്ചതിന്റെ ക്രോഡീകൃത റിപ്പോർട്ട് പ്രകാശനം ചെയ്തിട്ടുണ്ടോ; | (ബി) | പ്രകാശനം ചെയ്തിട്ടുണ്ട്. |
| (സി) | ഇത് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (സി) | ഊരുകളിൽ നിന്നും കുടുംബങ്ങളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ സമാഹരിച്ച് പട്ടികവർഗ്ഗ ഉപപദ്ധതി സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്യുന്നതിന് ഈ സർവ്വേ പ്രയോജനപ്പെട്ടിട്ടുണ്ട്. |
| (ഡി) | എന്തെല്ലാം വിവരങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ<br>• ജനസംഖ്യ<br>• ഊരുകൾ |

| | | | |
|---|---|---|---|
| | | | • വിദ്യാഭ്യാസം<br>• തൊഴിലും, വരുമാനവും<br>• ആരോഗ്യം<br>• അടിസ്ഥാന സൗകര്യങ്ങൾ<br>• കൈവശഭൂമി<br>• വനവുമായുള്ള ആഭിമുഖ്യം<br>• സാമൂഹ്യസുരക്ഷ<br>• സാമൂഹ്യ വികസനം<br>എന്നീ മേഖലകളിലുള്ള, പട്ടിക തിരിച്ചുള്ള വിവരങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ